

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## അസഹിഷ്ണതയുടെ ജല്പനങ്ങൾ

'കേരളീയം' 2011 ഫെബ്രുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച വൺഡേ സ്കൂൾ ഓൺ ഹെൽത്തിനെക്കുറിച്ചുള്ള ഡോ. വിജയന്റെ ലേഖനങ്ങളോട് പ്രതികരിച്ചുകൊണ്ട് എ.കെ. രവീന്ദ്രൻ എഴുതിയ 'പ്രകൃതി ചികിത്സ ബ്രാഹ്മണിസമാണെന്നോ?' (കേരളീയം 2011 മാർച്ച് ലക്കം) എന്ന കുറിപ്പിന് മറുപടിയായി അടുത്തലക്കത്തിൽ (ഏപ്രിൽ) പ്രസിദ്ധീകരിച്ച 'ജാതി ഏതായാലും മനുഷ്യന് വിവേകമുണ്ടായാൽ മതി' എന്ന വൺഡേസ്കൂൾ പ്രവർത്തകരുടെ ലേഖനത്തോട്ട് എ.കെ. രവീന്ദ്രൻ വീണ്ടും പ്രതികരിച്ചിരുന്നു ('കേരളീയം ആരുടെ ഏജന്റ്?', 2011 മെയ് ലക്കം). അതിനുള്ള മറുപടി ആ ലക്കത്തിൽ തന്നെ കേരളീയം പത്രാധിപർ എഴുതിയിരുന്നു. ('ആരുടെ തരികിടകൾ?'). കേരളീയം ആരുടെ ഏജന്റ് എന്ന എ.കെ. രവീന്ദ്രന്റെ ചോദ്യം ശരിയാണ് എന്ന് ബോധ്യപ്പെട്ടത് പത്രാധിപരുടെ മറുപടി കണ്ടിട്ട് ജൈവകൃഷിയുടെ നാരായണനെ വിളിച്ചപ്പോഴാണ്. വൺഡേ സ്കൂൾ പ്രവർത്തകർ എഴുതിയ കത്ത് എഴുതിയിട്ടേ ഇല്ല എന്നാണ് നാരായണൻ പറഞ്ഞത്. ഇത്രയ്ക്ക് പച്ചയായ നുണ വായനക്കാരോട് പറയാനുള്ള കേരളീയം പത്രാധിപരുടെ ചങ്കുറ്റം അപാരം തന്നെ.

"പ്രകൃതി ജീവനവും പ്രകൃതിചികിത്സയും കാറ്റും വെളിച്ചവും കടക്കാതെ അന്ധവിശ്വാസവും സംവാദങ്ങളില്ലാത്ത മൗലികവാദവും ആകരുത് എന്നും മറ്റനേകം ആരോഗ്യ - ജീവിത - ചികിത്സാ മേഖലകളെപോലെ മനുഷ്യസമുദായത്തിന് വലിയ സേവനങ്ങൾ പ്രകൃതി ചികിത്സയിൽ നിന്നുണ്ടായത് അവ അടഞ്ഞിരുന്നപ്പോഴല്ല." പ്രകൃതിചികിത്സകരോടുള്ള പത്രാധിപരുടെ ഉപദേശമാണിത്. അതിനർത്ഥം നിലവിലുള്ള പ്രകൃതി ചികിത്സ അങ്ങനെയാണെന്നുമാണല്ലോ. മറ്റനേകം ആരോഗ്യ-ജീവിത-ചികിത്സാ മേഖലകളെപ്പോലെയാണ് പ്രകൃതിചികിത്സയും എന്നത് പത്രാധിപരുടെ തെറ്റിദ്ധാരണയാണ്.

മറ്റുള്ള ചികിത്സകളെ നിഷേധിക്കുകയും പ്രകൃതിചികിത്സകർ ഉൾപ്പെടെയുള്ള ആരുടെ ചികിത്സയും ശരീരത്തിന് ആവശ്യമില്ലെന്നുമാണ് പ്രകൃതി ചികിത്സകർ പറയുന്നത്. പ്രകൃതി ചികിത്സ സംവാദങ്ങൾക്കു തയ്യാറില്ലാത്ത മൗലികവാദമായി മാറിയിട്ടുള്ളതിന്റെ ഒരു ഉദാഹരണമെങ്കിലും എടുത്തുകാണിക്കാൻ പത്രാധിപർക്ക് കഴിയുമോ? ഇത്രയേറെ തുറന്നതും കാറ്റും വെളിച്ചവും കടക്കുന്നതുമായ വേറൊരു മേഖലയും ഇല്ല. ആർക്കും ചോദ്യം ചെയ്യാവുന്ന വിധത്തിലുള്ള തുറന്ന സെമിനാറുകളും പരസ്യപ്രസ്താവനകളുമായി പ്രകൃതിചികിത്സകരെല്ലാം സാധാരണ ജനങ്ങളുടെ നടുവിലാണ് പ്രവർത്തിക്കുന്നത്. പ്രകൃതി ചികിത്സാലയങ്ങൾ ആർക്കും കടന്നുചെല്ലാനും രോഗികളുമായി സംസാരിക്കാനും രോഗമാറ്റം നിരീക്ഷിക്കാനും കഴിയുന്ന വിധത്തിൽ സുതാര്യമായുമാണ് പ്രവർത്തിക്കുന്നത്. ഇതൊന്നും കാണാതെ ഏതോ മുറിക്കുള്ളിലിരുന്ന് ബുദ്ധിജീവി ഉപദേശം നൽകുന്നതിനു പകരം പുറത്തിറങ്ങി കാറ്റും വെളിച്ചവും കൊണ്ട് കാര്യങ്ങൾ കണ്ടുമനസ്സിലാക്കാൻ പത്രാധിപർ തയ്യാറാകണം.

"കുത്തകയാക്കി സ്ഥാപനങ്ങളിൽ ഒതുക്കേണ്ടതല്ല ഏതൊരറിവും" എന്നും പത്രാധിപർ എഴുതിയിട്ടുള്ളത് മന:പൂർവ്വമായ ഒരു 'പാര'യായിട്ടാണ് മൊത്തത്തിൽ വീക്ഷിക്കുമ്പോൾ കാണാൻ കഴിയുന്നത്. പ്രകൃതിചികിത്സയെ ചിലർ കച്ചവടമാക്കുന്നു. കുത്തകയാക്കുന്നു എന്ന് ചിലരെങ്കിലും അടിച്ചുപരത്തുന്നുണ്ട്. പ്രകൃതിചികിത്സ പ്രചരണത്തിന് ചിലർ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം നോക്കിയിട്ടാണ് ഈ അഭിപ്രായ



പ്രകടനം നടത്തുന്നത്. എന്താണ് 'കുത്തക' എന്ന് അറിവുണ്ടാകുമെങ്കിൽ ഈ അഭിപ്രായം പറയുമായിരുന്നില്ല. കുത്തകവൽക്കരണത്തിന് എതിരായ ജനകീയ സമരമാണ് പ്രകൃതിചികിത്സയിൽ അടിമുടി നിറഞ്ഞുനിൽക്കുന്നത്. സ്ഥാപനവും സ്ഥാപനവൽക്കരിക്കപ്പെടലും രണ്ടും രണ്ടാണ്. അതിൽ രണ്ടിലും ഒതുങ്ങുന്നതുമല്ല പ്രകൃതിചികിത്സ. ഇന്ന് കേരളത്തിൽ നിലവിലുള്ള അറുപതോളം പ്രകൃതി ചികിത്സാലയങ്ങൾ അറുന്നൂറെങ്കിലുമായി വളരേണ്ടതുണ്ട്.

കഴിയുന്നത്ര പ്രവർത്തിക്കുകയും സമൂഹത്തിന് കൂടുതൽ ഗുണം നൽകുകയും ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം അസൂയയുടേയും അസഹിഷ്ണതയുടെയും ജല്പനങ്ങൾ നടത്തുന്നത് കേരളീയം മാസികയ്ക്കും പത്രാധിപർക്കും നല്ലതല്ല. ജൈവ കർഷക സമിതി പാലക്കാട് ജില്ലാ സെക്രട്ടറി എ. നാരായണന്റെ പേരിൽ 'ഒരുകൂട്ടം വൺഡേ സ്കൂൾ പ്രവർത്തകർ' എന്ന ഊമക്കത്തിനെ അടിച്ചേല്പിക്കാനും, വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനും ശ്രമിച്ചതിന്റെ പേരിൽ കേരളീയം പത്രാധിപർ മാപ്പ് പറയാനെങ്കിലും തയ്യാറാകണം.

**കെ.വി. സുഗതൻ, കടവിത്തറ**

## കേരളീയം ശ്രമിച്ചത്

**വൺഡേസ്കൂൾ** സംബന്ധിയായി കേരളീയത്തിൽ പ്രസിദ്ധീകരിച്ച മാറ്ററുകളോട് പ്രതികരിച്ചുകൊണ്ട് കേരളീയത്തിന് പറയാനുള്ളത്: 'വൺഡേസ്കൂൾ പ്രവർത്തകർ മറുപടി പറയുന്നു' എന്നത് ഊമക്കത്തല്ല. ആ മാറ്ററിന് താഴെ വിശദമായി അറിയാൻ രണ്ട് ഫോൺ നമ്പറുകൾ ചേർത്തിരുന്നതും ഓർക്കുമല്ലോ?

'വൺഡേസ്കൂൾ ചർച്ചയാകണം' എന്ന എ. നാരായണ(പാലക്കാട്)ന്റെ കത്ത് ഊമക്കത്തല്ലെന്ന് ഇതിനകം ബോധ്യപ്പെട്ടതുമാണല്ലോ. വൺഡെ സ്കൂൾ ഓൺ ഹെൽത്തിൽ ആരോഗ്യപരിപാലന മാർഗ്ഗങ്ങളെ പരിചയപ്പെടുത്താനും സാമൂഹികാരോഗ്യത്തിൽ പങ്കാളികളാകാനുള്ള അവസരമുണ്ടാക്കുകയുമാണ് ചെയ്തത്. വിഷയംവിട്ട് മറ്റ് കാര്യമില്ലായ്മയിലേക്ക് പ്രതികരണങ്ങൾ ചിതറിപ്പോകുന്നതിൽ നിന്നു തന്നെ കാര്യങ്ങൾ സ്വയം വായനക്കാർക്ക് മനസിലാക്കിയിരിക്കുമെന്ന് വിശ്വസിക്കുന്നു.

**പത്രാധിപർ, കേരളീയം**